File No.FWLD-D2/247/2018-FWLD

**പതിനാലാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.984 — 06.06.2018 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളുടെ ഭീഷണി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.ഡി.കെ.മുരളി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോന്നിയിലും വാൽപ്പാറയിലും വയനാട്ടിലും കടുവ മനുഷ്യരെ കൊന്നു തിന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയാകുന്നത് തടയാൻ വനം വകുപ്പ് സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; | (എ) വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയാകുന്നത് തടയാൻ വനംവകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>• വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>• വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>• പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>• സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>• പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>• വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>• വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള |

| | |
|---|---|
| | സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>• വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br>• ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.<br>• മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |
| (ബി) പ്രതിവർഷം ഉദ്ദേശം നൂറുപേർ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നുണ്ടെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ വനപ്രദേശങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് സുരക്ഷയ്ക്കായി തോക്കുപയോഗിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) വനപ്രദേശങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് സുരക്ഷയ്ക്കായി തോക്കുപയോഗിക്കാനുള്ള അനുമതി, വനം വകുപ്പിൽ നിന്നും നൽകുന്ന എതിർപ്പില്ലാ രേഖയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഉപാധികളോടെ നൽകി വരുന്നുണ്ട്. |
| (സി) ക്യാമറാ ട്രാപ്പ്, റെയിൽ ഫെൻസിംഗ്, എസ്.എം.എസ് അലെർട്ട് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി)ക്യാമറാ ട്രാപ്പ്, റെയിൽ ഫെൻസിംഗ്, എസ്.എം.എസ് അലെർട്ട് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.